"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ത.സ്വ.ഭ.വ. - 2023-24 സാമ്പത്തികവർഷം മലപ്പുറം ജില്ലയിലെ പൊന്നാനി നഗരസഭയിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം നടത്തിയതിനായി ചെലവഴിച്ചതിൽ അർഹമായ തുക തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനു അനുമതി നൽകിയും അമൃത് പദ്ധതിയിലൂടെ കുടിവെള്ളം എത്തിക്കുന്നതുവരെ ഉപ്പുവെള്ളം കയറുന്ന തീരപ്രദേശങ്ങളിൽ മാത്രം മറ്റു നടപടിക്രമങ്ങൾ പാലിച്ച് ജൂൺ ഒന്നു മുതൽ സെപ്റ്റംബർ 30 വരെ തനത് ഫണ്ട് ഉപയോഗിച്ച് കുടിവെള്ളം വിതരണം ചെയ്യാൻ പ്രത്യേക അനുമതി നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2208/2024/LSGD തീയതി,തിരുവനന്തപുരം, 14-11-2024

---

പരാമർശം:-

1. 06.03.2023-ലെ സ.ഉ(സാധാ)564/2023/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2. 02.06.2023-ലെ സ.ഉ(സാധാ)1153/2023/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
3. മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.02.2024-ലെ കത്തും പൊന്നാനി നഗരസഭാ സെക്രട്ടറിയുടെ 02.02.2024-ലെ H1 -5060/23 നമ്പർ കത്തും (SGR/238/24 -CC/79/24)
4. 06.06.2024 , 13.08.2024 എന്നീ തീയതികളിൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമതി യോഗത്തിലെ തീരുമാനം നമ്പർ 4.6 (SGR/238/24 -CC/79/24)

**<u>ഉത്തരവ്</u>**

കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി തനത്/പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിനു തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു.ടി ഉത്തരവിൽ 31.03.2023 വരെ 12.00 ലക്ഷം രൂപയും 01.04.2023 മുതൽ 31.05.2023 വരെ 17.00 ലക്ഷം രൂപയും ചെലവഴിക്കാനാണ് മുനിസിപ്പാലിറ്റികൾക്ക് അനുമതി നൽകിയിരുന്നത്. കൂടാതെ സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായി തുടരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 01.06.2023 മുതൽ രണ്ടാഴ്ചത്തേക്കോ അല്ലെങ്കിൽ പ്രസ്തുത പ്രദേശങ്ങളിൽ മഴ ലഭിക്കുന്നത് വരെയോ ഏതാണോ ആദ്യം എന്ന ക്രമത്തിൽ കുടിവെള്ളവിതരണം നടത്തുന്നതിന് തനതു/പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ അനുമതിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകികൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(2)എന്നാൽ മലപ്പുറം ജില്ലയിലെ പൊന്നാനി നഗരസഭ പ്രദേശത്ത് കാലവർഷം

കനക്കുന്നതോടെ കടൽക്ഷോഭം രൂക്ഷമാകുകയും കടൽതീരത്തെ കുടിവെള്ള സ്രോതസ്സ് മലിനമാവുകയും ചെയ്യുമെന്നും ഈ പ്രദേശങ്ങളിൽ കാലവർഷക്കാലത്ത് കുടിവെള്ളക്ഷാമം ഉണ്ടാകുന്ന സാഹചര്യത്തിൽ നഗരസഭ ജൂൺ മുതൽ സെപ്റ്റംബർ വരെ കുടിവെള്ളം വിതരണം ചെയ്യാറുണ്ടെന്നും മുൻകാലങ്ങളിൽ ടി ആവശ്യത്തിനായി തനത് ഫണ്ടിൽ നിന്നാണ് തുക നൽകി വരുന്നതെന്നും 29.07.2023 ലെ കൗൺസിൽ തീരുമാനം പ്രകാരം, 2023 - 2024 വാർഷിക പദ്ധതിയിൽ CFC ടൈഡ് ഫണ്ട് കുടിവെള്ളവിതരണ പരിപാടികൾക്കു വിനിയോഗിക്കാമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, 2023 - 2024 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രൊജക്റ്റ് നമ്പർ SO-30/24 അംഗീകാരത്തിനു സമർപ്പിച്ചിട്ടുള്ളതെന്നും 14.06.2023 ന് ശേഷമുള്ള കുടിവെള്ള വിതരണത്തിനു സർക്കാർ അനുമതിയില്ലാത്തതിനാൽ DPC അംഗീകാരം നൽകിയിട്ടില്ലെന്നും സർക്കാർ അനുമതിക്കു പുറമെ 2023 ജൂൺ 15 മുതൽ 2023 ഒക്ടോബര് 9 വരെ കുടിവെള്ള വിതരണത്തിനു ആകെ 14,54,240/- രൂപ ചെലവ് വന്നിട്ടുണ്ടെന്നും ടി തുക CFC ടൈഡ് ഗ്രാന്റിൽ നിന്ന് അനുവദിക്കണമെന്നും ഈ വർഷവും ഇതേ സാഹചര്യമുണ്ടാകുമെന്നും പൊന്നാനി നഗരസഭാ സെക്രട്ടറി പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

(3) പൊന്നാനി നഗരസഭയിൽ കുടിവെള്ള വിതരണത്തിന് അധിക തുക ചെലവഴിച്ചതിന് അനുമതി ലഭ്യമാക്കുന്നതിനുള്ള പൊന്നാനി നഗരസഭ സെക്രട്ടറിയുടെ അപേക്ഷ, 06.06.2024 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗത്തിൽ പരിഗണിക്കുകയും, മുൻകാലങ്ങളിൽ ഇതിനായി തുക ചെലവഴിച്ചതിന് സർക്കാർ പ്രത്യേകാനുമതി നൽകിയതായി കാണുന്നില്ലായെന്ന് നിരീക്ഷിക്കുകയും ജൂൺ മുതൽ ഒക്ടോബർ വരെ കുടിവെള്ള വിതരണം നടത്തേണ്ടതിന്റെ പ്രത്യേക സാഹചര്യം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പൊന്നാനിയിൽ 2023 ജൂൺ മാസം മുതൽ രൂക്ഷമായ കടൽക്ഷോഭം സംഭവിച്ചതിനാൽ തീരദേശവാസികൾ കുടിവെള്ളത്തിനായി ആശ്രയിക്കുന്ന ജലാശയങ്ങളും കുടിവെള്ള സ്രോതസ്സുകളും ഉപ്പുവെള്ളം കയറി നശിച്ചുവെന്നും വരൾച്ചാസമയത്ത് നടത്തിക്കൊണ്ടിരുന്ന കുടിവെള്ള വിതരണം നിർത്തിയതിനാൽ പൊതുജനങ്ങൾ പരാതിപ്പെട്ടതിനാലാണ് 29.07.2023-ലെ കൗൺസിൽ തീരുമാനപ്രകാരം, മൺസൂൺ കാലത്ത് കുടിവെള്ള വിതരണം നടത്തിട്ടുള്ളതെന്നും 2023 ജൂൺ 1 മുതൽ ജൂൺ 14 വരെ കുടിവെള്ളം വിതരണം ചെയ്തതിന്റെ 1,21,600/- രൂപയും ജൂൺ 15 മുതൽ ഒക്ടോബർ 9 വരെ കുടിവെള്ള വിതരണം നടത്തിയതിന്റെ 14,54,240 രൂപയും (ആകെ 15,75,840 രൂപ) നൽകണമെന്നാണ് നഗരസഭ ആവശ്യപ്പെട്ടിരിക്കുന്നതെന്നും സമാന സാഹചര്യം ഈ വർഷവും ഉണ്ടാകുമെന്നറിയിച്ചിട്ടുണ്ടെന്നും അമൃത് പദ്ധതിയിലൂടെ പൈപ്പ് കണക്ഷൻ ലഭ്യമാകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

(4) പൊന്നാനി നഗരസഭയിൽ കുടിവെള്ള വിതരണത്തിന് അധിക തുക ചെലവഴിച്ചതിന് അനുമതി ലഭ്യമാക്കുന്നതിനുള്ള പൊന്നാനി നഗരസഭ സെക്രട്ടറിയുടെ അപേക്ഷ 13.08.2024 ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗത്തിൽ പരിഗണിക്കുകയും, 2023-24 ൽ കുടിവെള്ള വിതരണം നടത്തിയതിന് തനത് ഫണ്ടുപയോഗിച്ച് അർഹമായ തുക നൽകാൻ അനുമതി നൽകുന്നതിനും അമൃത് പദ്ധതിയിലൂടെ ഈ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതുവരെ ഉപ്പുവെള്ളം കയറുന്ന തീരപ്രദേശങ്ങളിൽ മാത്രം മറ്റു നടപടിക്രമങ്ങൾ പാലിച്ച് ജൂൺ ഒന്നു മുതൽ സെപ്റ്റംബർ 30 വരെ തനത് ഫണ്ട് ഉപയോഗിച്ച് കുടിവെള്ളം വിതരണം ചെയ്യാൻ പ്രത്യേക അനുമതി നൽകുന്നതിനും

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമതി പരാമർശം (4) പ്രകാരം തീരുമാനിച്ചിരുന്നു.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമതിയുടെ പരാമർശം (4) പ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, 2023-24 സാമ്പത്തികവർഷം മലപ്പുറം ജില്ലയിലെ പൊന്നാനി നഗരസഭയിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം നടത്തിയതിനായി ചെലവഴിച്ചതിൽ അർഹമായ തുക തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനു അനുമതി നൽകികൊണ്ടും അമൃത് പദ്ധതിയിലൂടെ ഈ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതുവരെ ഉപ്പുവെള്ളം കയറുന്ന തീരപ്രദേശങ്ങളിൽ മാത്രം മറ്റു നടപടിക്രമങ്ങൾ പാലിച്ച് ജൂൺ ഒന്നു മുതൽ സെപ്റ്റംബർ 30 വരെ തനത് ഫണ്ട് ഉപയോഗിച്ച് കുടിവെള്ളം വിതരണം ചെയ്യാൻ പ്രത്യേക അനുമതി നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
ജോയിന്റ് സെക്രട്ടറി

പകർപ്പ്:
ചെയർമാൻ / സെക്രട്ടറി, പൊന്നാനി നഗരസഭ , മലപ്പുറം.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം.
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സസ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Sindhumole K A
Date: 15-11-2024 11:11:52